# ശാശ്വത വികസനം

**പ്രൊഫ. എം.കെ. പ്രസാദ്**

62, ഗിരിനഗർ, കൊച്ചി – 6820202

വികസനമെന്നാൽ മനുഷ്യൻ ഭൂമിയിലെ വിഭവങ്ങളെ തന്റെ അധ്വാനം കൊണ്ടും, ബുദ്ധി ശക്തി കൊണ്ടും, ശാസ്ത്ര സാങ്കേതിക വിദ്യ കൊണ്ടും രൂപാന്തരപ്പെടുത്തി ആവശ്യ ങ്ങൾ നിറവേറ്റുന്ന ഏർപ്പാടാണ്. എന്നാൽ ഈ വികസനം മനുഷ്യരാശിയിൽ എത്ര പേർക്ക് പ്രയോജനം ഉണ്ടാക്കി എന്ന് ആലോചിക്കുമ്പോൾ മനസ്സിലാവുന്നത്, നാളിതുവ രെയുണ്ടായുള്ള വികസനം സമത്വപൂപൂർണ്ണമോ, നീതിപൂർവ്വമോ ആയിരുന്നില്ല എന്നാ ണ്. ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും സമ്പന്നർ കൂടുതൽ സമ്പന്നരാവുകയുമേ ഉണ്ടാ യിട്ടുള്ളൂ വികസനം കൊണ്ട്, എന്ന് പരക്കേ വിശ്വസിക്കപ്പെടുന്നു. കാരണം പ്രകൃതി വിഭ വങ്ങൾ ഭൂമിയിലെ ഒരു ചെറിയ ശതമാനം പേരുടെ കയ്യിലാണെന്നും ബഹുഭൂരിഭാഗം പേർക്കും അത് അപ്രാപ്യമാണെന്നതും തന്നെ. അപ്പോൾ ഇതേവരെ നാം സങ്കൽപിച്ചി ട്ടുള്ള വികസനത്തിന് എന്തോ തകരാറുണ്ട് എന്ന് അനുമാനത്തിലേക്ക് നാം എത്തുന്നു. വികസനമാണ് ദാരിദ്ര്യനിർമ്മാർജ്ജനത്തിന് പരിഹാരം എന്ന തത്വം ഇവിടെ അട്ടിമറി ക്കപ്പെട്ടിരിക്കുന്നു. ഇത് ഒരുപാട് കാലമായി ചിന്തകരെ അലട്ടിക്കൊണ്ടിരിക്കുന്ന വിഷ യമാണ്.

വികസനോന്മുഖമായ വിഭവ ഉപയോഗത്തിൽ ലോകം തന്നെ രണ്ടു തട്ടിലാണ്. ഏറ്റവും കൂടുതൽ ഉപയോഗിച്ചുകൊണ്ട് വൻനിലയിൽ വികസനം പ്രാപിച്ച വികസിത രാജ്യങ്ങൾ. അവയെ ചർച്ചാവേദികളിൽ “വടക്കൻ ”രാജ്യങ്ങൾ എന്നു പറഞ്ഞു വരുന്നു. വികസനത്തിൽ പിന്നോക്കം നിൽക്കുന്ന രാജ്യങ്ങൾ അവികസിത രാജ്യങ്ങൾ അല്ലെ ങ്കിൽ വികസ്വരരാജ്യങ്ങൾ – അവർ “തെക്കൻ ” ചേരിയിൽ. വികസിത “വടക്കൻ ” ചേരി രാജ്യങ്ങളിലും ദാരിദ്ര്യമുണ്ട്. അവികസിത “തെക്കൻ ” ചേരി രാജ്യങ്ങളിലും ധനികരു ണ്ട്. ഈ വൈരുദ്ധ്യം ഭൂമിയിൽ നിന്ന് തുടച്ചു മാറ്റാൻ ശ്രമം തുടങ്ങിയിട്ട് നാളേറെയായി. വികസനം ഏറിയ രാജ്യങ്ങളിലും വികസനം കുറഞ്ഞ രാജ്യങ്ങളിലും മനുഷ്യന്റെ പ്രകൃ തിയിലുള്ള ഇടപെടൽ കൊണ്ട് പരിസര മലിനീകരണമുണ്ടായി. വികസനത്തിന്റെ ബഹു മുഖ പ്രവർത്തനങ്ങളാണ് മലിനീകരണമുണ്ടാക്കുന്നത്. മലിനീകരണം മാത്രമല്ല പ്രകൃതിവിഭവ ശോഷണവും ഉണ്ടാകും. അവികസിത രാജ്യങ്ങൾ വികസിത രാജ്യങ്ങളെ

മാതൃകയായി കണ്ടുകൊണ്ട് ചെയ്യുന്ന പ്രവൃത്തികൾ വിഭവ ശോഷണത്തിലും പരിസര മലിനീകരണത്തിലും ചെന്നെത്തുന്നു. അങ്ങനെ വികസനം എന്ന പ്രക്രിയയുടെ തന്നെ ഒഴിച്ചു കൂടാൻ പറ്റാത്ത ഒരു ഘടകമായിത്തീർന്നു പരിസര ദൂഷണം. പരിസരത്തു നിന്നും പരിക്കേൽക്കാതെയും വിഭവങ്ങൾ വികസനത്തിനായി എടുത്തുപയോഗിക്കുന്നത് പ്രകൃതിയുടെ നാശത്തിനിടവരാതെയും വേണം വികസനം സാധിക്കാൻ എന്ന ചിന്തയുണ്ടായി. വിഭവങ്ങളുടെ പരിമിതിയും ആവശ്യക്കാരുടെ പെരുപ്പവും കണക്കിലെടുക്കേണ്ടതുണ്ട് എന്ന ബോധവുമുണ്ടായി. പലപ്പോഴായി പലേടത്തും ചർച്ചകൾ നടന്നു. വികസനത്തിന്റെ സങ്കല്പം തന്നെ മാറണമെന്നു അഭിപ്രായമുണ്ടായി. വികസനത്തിന്റെ നേട്ടങ്ങൾ എല്ലാർക്കും ഒരുപോലെ അനുഭവിക്കാൻ കഴിയണം, നീതിപൂർവ്വകവും തുല്യവുമായി. നേട്ടങ്ങൾ അനുഭവിക്കുന്നതിൽ തലമുറകൾ തമ്മിൽ അന്തരം പാടില്ല എന്ന വിചാരവും പൊന്തി വന്നു. അങ്ങനെ വികസന സങ്കൽപ്പത്തിന് പുതിയൊരു നിർവ്വചനം ആവശ്യമായിത്തീർന്നു. അങ്ങനെയാണ് ശാശ്വത വികസനം (സസ്റ്റെയിനബിൾ ഡെവലപ്മെന്റ്) എന്ന പ്രയോഗം നിലവിൽ വന്നത്. സാമ്പത്തിക വികസനമായാലും സാമൂഹ്യ വികസനമായാലും വികസനം നിലനിൽപ്പുള്ളതാകണം.

ലോകത്തിന്റെ മുന്നിൽ തലവേദനയുണ്ടാക്കുന്ന പ്രശ്നങ്ങൾ ഇതിന് ഉത്തേജകമായി. അശാസ്ത്രീയമായ വിഭവ ഉപയോഗം കൊണ്ട് അന്തരീക്ഷ മലിനീകരണമുണ്ടാവുന്നു. അനാസൂത്രിതമായും അമിതമായും വിഭവങ്ങൾ ചൂഷണം ചെയ്യുന്നതും കൊണ്ട് വിഭവ ശോഷണമുണ്ടാവുന്നു. ജൈവവിഭവങ്ങൾ പുനരാവിഷ്കാരശേഷിയില്ലാത്തവയാകയാൽ എടുക്കും തോറും തീർന്നു കൊണ്ടേയിരിക്കുന്നു. ജൈവ വിഭവങ്ങൾ പുനരാവിഷ്കാരശേഷിയുള്ളവയെങ്കിലും അമിതചൂഷണം അവയേയും ഇല്ലാതാക്കുന്നു. ദാരിദ്ര്യം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഐക്യരാഷ്ട്ര സംഘടന 1972-ൽ സ്റ്റോക്ക്ഹോമിൽ വച്ച് ഒരു ലോക സമ്മേളനം നടത്തി. സ്റ്റോക്ക്ഹോം കോൺഫറൻസ് എന്ന് വിഖ്യാതമായ "യു എൻ കോൺഫറൻസ് ഓൺ ഹ്യൂമൻ എൻവയേൺമെന്റ്". വലിയ ആവേശമുയർത്തിയ ആ കോൺഫറൻസിനെ റിച്ചാർഡ് സാന്റ് ബ്രൂക് എന്ന ചിന്തകൻ "ധനികരും ദരിദ്രരുമായി ബധിരന്മാർ നടത്തിയ സംവാദം" എന്ന് പരിഹസിച്ചെങ്കിലും ആ കോൺഫറൻസ് മനുഷ്യ ചിന്താമണ്ഡലത്തിൽ ചലനങ്ങളുണ്ടാക്കി. മലീമസമായ ലോകം ശുദ്ധീകരിക്കാൻ വ്യവസായവൽകൃത രാജ്യങ്ങളിലെ സർക്കാരുകൾ കൂട്ടായി ശ്രമിക്കണമെന്ന ബോധമുണ്ടായി. മൂന്നാം ലോകമെന്ന തെക്കൻചേരിരാജ്യങ്ങൾക്കുണ്ടായ ബോധം മറ്റൊന്നായിരുന്നു. മലിനീകരണമുണ്ടായാലും വ്യവസായങ്ങൾ വേണം. അവരുടെ പ്രശ്നം ദാരിദ്ര്യമായിരുന്നു. അതല്ലേ സ്റ്റോക്ക്ഹോം കോൺഫറൻസിൽ പ്രസംഗിക്കവേ ഇന്ദിരാഗാന്ധി ഇങ്ങനെ പറഞ്ഞത് : " നാം നേരിടുന്ന എല്ലാ മലിനീകരണകാരികളിലും വച്ച് രൂക്ഷമായത് ദാരിദ്ര്യമാണ്. നമുക്ക് കൂടുതൽ വികസനമാണ് വേണ്ടത് ". ഇന്ദിരാഗാന്ധിക്കോ മൂന്നാം ലോക രാഷ്ട്രങ്ങൾക്കോ ഒരു നേട്ടവും സ്റ്റോക്ക്ഹോം കോൺഫറൻസിൽ നിന്നും കിട്ടിയില്ല എന്ന വിമർശനമുണ്ട്. (പക്ഷെ ഇന്ദിരാഗാന്ധിക്ക് ഒരുപാട് ആവേശം പകരാൻ കോൺഫറൻസിനു കഴിഞ്ഞു. ഇന്ത്യയിൽ മടങ്ങിവന്ന് പ്രകൃതി സംരക്ഷണ സംരംഭങ്ങൾക്ക് തുടക്കമിട്ടു. ഒരു പക്ഷെ 1976-ൽ ഇന്ത്യയിൽ മടങ്ങിവന്ന് പ്രകൃതി സംരക്ഷണ ബന്ധിയായ വകുപ്പുകൾ എഴുതി ചേർക്കാനുള്ള പ്രേരണ ഇതുതന്നെയാകാം.) വികസനമില്ലായ്മ ദാരിദ്ര്യമുണ്ടാക്കുന്നതുപോലെ തന്നെ അമിത വികസനവും ദാരിദ്ര്യമുണ്ടാക്കും എന്ന് വികസനവാദികൾ മനസ്സിലാക്കാൻ തുടങ്ങി.

ആദ്യമായി ശാശ്വത വികസനം എന്ന പ്രയോഗം 1980 -ൽ IUCN, UNEP, WWF എന്നീ സംഘങ്ങൾ ചേർന്ന് 1980-ൽ പുറത്തിറക്കിയ "വേൾഡ് കൺസർവേഷൻ സ്ട്രാറ്റജി" യിലാണ് ഉപയോഗിക്കപ്പെട്ടതെങ്കിലും ശാശ്വതമായ വികസന സങ്കൽപ്പവും ഐക്യരാഷ്ട്ര സംഘടനയുടെ സംഭാവനയാണെന്നു പറയാം. 1983-ൽ ഒരു പ്രത്യേക സമ്മേളനം വികസനം പരമാവധി ഗുണഭോക്താക്കൾക്ക് ഉപകാരമാവാൻ, വികസനം മലിനീകരണകാരിയാവാതിരിക്കാൻ, ദാരിദ്ര്യം തുടച്ചുമാറ്റാൻ ഉതകുന്ന പരിപാടികൾ നിർദ്ദേശിക്കാൻ ഒരു കമ്മീഷനെ നിയോഗിച്ചു. ആ കമ്മീഷന്റെ പേര് "വേൾഡ് കമ്മീഷൻ ഓൺ എൻവയേൺമെന്റ് ആന്റ് ഡെവലപ്മെന്റ്" എന്നായിരുന്നു. കമ്മീഷൻ ചെയർപേഴ്സനായി ശ്രീമതി. ഗ്രോ ഹാർലെം ബ്രണ്ട്ലാന്റിനെ തെരഞ്ഞെടുത്തു. പതിനെട്ട് അംഗരാജ്യങ്ങളുടെ പ്രതിനിധികളും കമ്മീഷൻ അംഗങ്ങളായിരുന്നു. 1987-ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. അതിലെ ശുപാർശകൾ അംഗീകരിച്ച് നടപ്പാക്കാനുള്ള കാര്യപരിപാടി ആസൂത്രണം ചെയ്യാനാണ് 1992-ൽ റിയോ ഉച്ചകോടി സമ്മേളനം നടത്തിയത്. ബ്രണ്ട്ലാന്റ് കമ്മീഷൻ റിപ്പോർട്ട് ("അവർ കോമൺഫ്യൂച്ചർ "എന്ന പേരിൽ പ്രസിദ്ധീകൃതമായി) ആണ് ഔപചാരികമായി ശാശ്വതവികസനം നിർദ്ദേശിച്ചതും നിർവ്വചിച്ചതും. "ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം ഭാവിതലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ സാധിച്ചെടുക്കാനുള്ള കഴിവുകളെ മരവിപ്പിക്കാതെയുള്ള വികസനമാണ് ശാശ്വത വികസനം". എന്നായിരുന്നു ആ നിർവചനം. ഇതിൽ രണ്ട് തത്വങ്ങൾ മുന്നിട്ടു നിൽക്കുന്നുണ്ട്. (ഒന്ന്) ആവശ്യങ്ങൾ എന്ന സങ്കൽപ്പം, പ്രത്യേകിച്ച് ഈ ലോകത്തിലെ ദരിദ്രരുടെ ആവശ്യങ്ങൾ. അവയ്ക്ക് മുൻഗണന നൽകുക എന്നത്. (രണ്ട്) ടെക്നോളജിയും സാമൂഹ്യസംഘടനകളും പറയുന്ന ഇന്നത്തേയും നാളത്തേയും ആവശ്യങ്ങളെ നിറവേറ്റാൻ പ്രകൃതിക്കുള്ള പരിമിതികൾ കണക്കിലെടുക്കണം.

ഇങ്ങനെയൊരന്വേഷണവും പഠനവും എത്രത്തോളം അത്യന്താപേക്ഷിതമായിരുന്നു എന്ന് കമ്മീഷന്റെ ആമുഖക്കുറിപ്പുകളിൽ പറഞ്ഞിട്ടുണ്ട്. ഇതാ ഇത് നോക്കുക: കമ്മീഷൻ നിയമിക്കപ്പെട്ടത് 1983-ൽ അതിന്റെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നത് 1987 ഏപ്രിലിൽ, 900 ദിവസങ്ങൾക്ക് ശേഷം. ഈ തൊള്ളായിരം ദിവസങ്ങൾക്കുള്ളിൽ ഉണ്ടായ ചില അത്യാഹിതങ്ങൾ നോക്കൂ:

- ആഫ്രിക്കയിൽ വരൾച്ച മൂലമുണ്ടായ ദുരിതങ്ങൾ 3.5 കോടി ജനങ്ങളെ ബാധിച്ചു. പത്തു ലക്ഷം പേർ മരിച്ചു.
- ഭോപ്പാലിലെ വാതകചോർച്ച 2000 പേരെ കൊന്നു; 200,000 പേർക്ക് രോഗമുണ്ടായി.
- മെക്സിക്കോ നഗരത്തിലുണ്ടായ വാതകചോർച്ച 1000 പേരെ കൊന്നു. ആയിരങ്ങൾക്ക് കിടപ്പാടം നഷ്ടപ്പെട്ടു.
- ചെർണോബിൽ ദുരന്തം യൂറോപ്പിൽ അണുവികിരണധൂളി പരത്തി.
- സ്വിറ്റ്സർലാന്റിൽ ഒരു തീ പിടുത്തത്തിൽ കാർഷിക രാസവളങ്ങളും രസവും മറ്റും റൈൻ നദിയിലേക്കൊഴുകി. കോടിക്കണക്കിന് മത്സ്യങ്ങൾ ചത്തൊടുങ്ങി. ജർമനിയിലും നെതർലാന്റിലും കുടിവെള്ളക്ഷാമം നേരിട്ടു.
- 6 കോടി മനുഷ്യർ, ഭൂരിഭാഗവും കുട്ടികൾ - ഡയേറിയ മൂലം മരിച്ചു. മലിനമായ ജലം ഉപയോഗിച്ചതുകൊണ്ട്.

## മനുഷ്യരും പ്രകൃതിയും : പരിസ്ഥിതീയ ശാശ്വതിയാവസ്ഥ

ഇതിലാദ്യത്തെ സംഗതി അന്യോന്യം ആശ്രിതത്വമാണ്. മനുഷ്യർ പ്രകൃതിയുടെ അവിഭാജ്യഘടകമാണ്. പ്രകൃതിയെ ആത്യന്തികമായി ആശ്രയിച്ചാണ് കഴിയുന്നത്. അതുകൊണ്ട് നാം എപ്പോഴും പ്രകൃതിയെ ആത്യന്തികമായി ആശ്രയിച്ചാണ് കഴിയുന്നത്. അതുകൊണ്ട് നാം എപ്പോഴും പ്രകൃതിയെ മാനിക്കണം. പ്രകൃതിയെ മാനിക്കുക എന്ന് പറഞ്ഞാൽ പ്രകൃതിയെ താല്പര്യത്തോടും, എളിമയോടും, കരുണയോടും കൂടി സമീപിക്കുക എന്നതാണ്. പ്രകൃതി വിഭവങ്ങൾ എടുക്കുന്നത് എത്രയും കുറച്ചാകാമോ അത്രയും കുറച്ച് മാത്രം എടുക്കുകയും ഏറ്റവും ഉചിതമായ രീതിയിൽ ഉപഭോഗം ചെയ്യുകയും വേണം. ഇതിനായി പരമ്പരാഗത അറിവുകളും ശാസ്ത്ര വിജ്ഞാപനവും ഉപയോഗപ്പെടുത്താം. വിഭവങ്ങളുടെ ശാശ്വതമായ ലഭ്യതക്കായുള്ള പൊതു നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും പാലിക്കുന്നതോടൊപ്പം അത്തരം കാര്യങ്ങൾക്ക് പിൻതുണ നൽകുകയും വേണം.

എന്തു വിഭവമായാലും, അതു മനുഷ്യർക്ക് ഉപയോഗമുള്ളതോ ഇല്ലാത്തതോ ആകട്ടെ, അതിന് പ്രകൃതിയിൽ ഒരു സാങ്കത്യമുണ്ടാകും എന്ന ബോധം വേണം. അതു കൊണ്ടു തന്നെ അവയെ പരിഷ്ക്കരിക്കാനുള്ള കടമയും മനുഷ്യനുണ്ട്. അതിനായി ഇക്കോവ്യൂഹങ്ങളെ സംരക്ഷിക്കുക എന്നത് എല്ലാത്തരം ജീവിജനുസ്സുകളുടെയും ആവാസ സംരക്ഷണമാവുമെന്നറിയണം. അങ്ങനെ ജൈവവൈവിദ്ധ്യസംരക്ഷണം നമുക്കു സാധിച്ചെടുക്കാം. ഭൂമിക്ക് ഭാരമാവാതെ ജീവിക്കൽ മറ്റൊരു സേവനമാണ്. പ്രകൃതിയിൽ നാം ഏല്പിക്കുന്ന ഓരോ പോറലിനും പോലും ഉത്തരവാദിത്തം നാം ഏറ്റെടുക്കണം. പരസ്ഥിതീയ പ്രക്രിയകൾ നിർബോധം തുടരാൻ അനുവദിക്കുക, ജീവ വൈവിദ്ധ്യത്തിൽ പുനരാവിഷ്കാരവിധേയമായവയെ അതിനനുവദിക്കുക, ഇതെല്ലാം ആവാഹിച്ചിട്ടുള്ള ഇക്കോവ്യൂഹത്തെ നിലനിൽക്കാൻ സഹായിക്കണം. ക്ഷയോന്മുഖമായ ഇക്കോവ്യൂഹങ്ങളെ പൂർവ്വസ്ഥിതിയിലേക്ക് വരാൻ സഹായിക്കണം.

പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളുടെയും ബാഹിക സംരക്ഷണത്തിന് നമുക്ക് ചുമതലയുണ്ട് എന്ന ധരിക്കണം. അവയും നമ്മളും സഹജീവികളാണെന്ന് അറിയണം.

## മനുഷ്യരും മനുഷ്യരും: സാമൂഹ്യനീതി

മൗലികമായ ആവശ്യങ്ങൾ. എല്ലാ വ്യക്തികളുടെയും സമൂഹങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റപ്പെടണം. ജൈവ മണ്ഡലത്തിന്റെ നിയമാവലിയിൽ എല്ലാ ജീവികളും സമന്മാരാണ്. ഓരോന്നിലും വളരാനും വികാസം പ്രാപിക്കാനും അവകാശമുണ്ട്.

**തലമുറകൾ തമ്മിലുള്ള സമത്വം:** നമുക്കു ലഭിച്ചിട്ടുള്ള ലോകത്തിന്റെ എല്ലാ വൈവിദ്ധ്യങ്ങളും, ആസ്തികളും ഇനി വരാനിരിക്കുന്ന തലമുറയ്ക്ക്, അതു പോലെ തന്നെ കൈമാറാനുള്ള ബാദ്ധ്യത നമ്മുടെ തലമുറയ്ക്കുണ്ട്. അതുകൊണ്ട് പുനഃരാവിഷ്കാരം സാധിക്കാത്ത വിഭവങ്ങൾ ഉപയോഗിക്കുന്നത് പിശുക്കിയാവണം; ഉച്ചിഷ്ഠങ്ങൾ കുറയ്ക്കണം. വികസനത്തിന്റെ ഗുണം നമുക്കനുഭവിക്കാം, പക്ഷെ അതിന്റെ മൂല്യം ഭാവി തലമുറയ്ക്ക് വിട്ടു കൊടുക്കണം.

**മനുഷ്യാവകാശം:** ഓരോ വ്യക്തിക്കും മൗലികമായ സ്വാതന്ത്ര്യം വേണം മനസ്സാക്ഷിക്കും മതവിശ്വാസത്തിലും, ആശയവിനിമയത്തിനും, സമാധാനപരമായി കൂട്ടംചേരാനും, സംഘ

ടിക്കാനും. ഓരോ വ്യക്തിക്കും സമുദായത്തിനും അവരവരുടെ ജീവിതത്തോട് ചുമതലാ ബോധവും അധിവസിക്കുന്ന ഭൂമിയോട് കടപ്പാടും തോന്നണം. അതിനായി സകലർക്കും വിദ്യാഭ്യാസം ലഭിക്കണം, രാഷ്ട്രീയ ബോധം വേണം, നിലനിൽക്കുന്ന ജീവിതശൈലി വേണം, അവരുടെ ജീവിതത്തെ ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിൽ പങ്ക് വേണം.

ഇതൊരു വേദ പ്രഭാഷണത്തിൽ നിന്നോ മറ്റോ ആണെന്നു തോന്നുന്നെങ്കിൽ തെറ്റി. IUCN, UNEP, WWF - 1990 ൽ തയ്യാറാക്കിയ ഭൂമിയെ സേവിക്കാൻ (കെയറിംഗ് ഫോർ എർത്ത്) എന്ന പുസ്തകത്തിൽ നിന്ന് ചോർത്തിയതാണ് - ശാശ്വത വികാസത്തെപ്പറ്റി അറിയേണ്ടവരുടെ വായനയ്ക്ക്.

## വികസനത്തിന്റെ ശാശ്വതീഭാവം എങ്ങനെ നിലനിർത്താം?

എട്ടു തത്വങ്ങൾ നാം അറിയണം.

1. ജീവമണ്ഡലത്തിന്റെ സംവഹനശക്തിക്കുള്ളിൽ നിൽക്കുന്ന ആഘാതമേ മനുഷ്യൻ പ്രകൃതിയിൽ ഉണ്ടാക്കാവൂ. വിഭവങ്ങൾ ഉപയോഗിക്കാനെടുക്കുമ്പോൾ, അഥവാ വിഭവചൂഷണം നടത്തുമ്പോൾ, എത്രയെടുക്കാം, എവിടുന്നെടുക്കാം, എപ്പോൾ എടുക്കാം എന്ന് പരിശോധിച്ചു വേണം. പ്രത്യേകിച്ച് പുനഃരാവിഷ്കാരം സാധിക്കാത്ത വിഭവങ്ങൾ - പിശുക്കി വേണം എടുത്തുപയോഗിക്കുവാൻ. പരമാവധി കാലത്തേക്ക് പരമാവധി ആളുകൾക്ക് ഉപയോഗത്തിന് ലഭ്യമാകത്തക്കവിധത്തിൽ. ഉൽപ്പാദനവും ഉപഭോഗവും സന്തുലിതമാവണം. ഉച്ചിഷ്ടങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നത്, അവ കുന്നുകൂടി പരിസര ശുദ്ധി നശിപ്പിക്കാത്ത രീതിയിലാവണം. ഇതിനൊക്കെ ഇന്ന് നിയമങ്ങൾ തന്നെ നിലവിലുണ്ട്. അവ മാനിക്കുക.

2. ജൈവ വിഭവങ്ങളുടെ ശേഖരം നിലനിർത്തൽ: അതായത് ഇവ തീർത്തു കളയരുത് എന്നു സാരം. ബാങ്കിലിട്ട നിക്ഷേപമായി കണക്കാക്കി പലിശ മാത്രം എടുത്തുപയോഗിക്കുക എന്ന തത്വം. പലിശ എടുത്തു കൊണ്ടേയിരിക്കാം. മുതൽ അവിടെതന്നെ ഉണ്ടാകും. പക്ഷെ കിട്ടുന്ന പലിശ കൊണ്ടുമാത്രം ജീവിതം കഴിക്കണമെങ്കിൽ ആസൂത്രണം വേണ്ടി വരും. വായകളുടെ എണ്ണം നിയന്ത്രിക്കേണ്ടി വരും. പ്രകൃതിയിലെ പരിസ്ഥിതീയ പ്രക്രിയകൾക്ക് വിഘ്നം വരുത്തരുത്. വെള്ളം, മണ്ണ്, സസ്യജന്തു വ്യവസ്ഥ- ഇവ മൂന്നും പരിരക്ഷിക്കപ്പെടണം. പരിരക്ഷ എന്നാണ് പറഞ്ഞത്. സംരക്ഷണവും നീതിപൂർവ്വമായ ഉപഭോഗവും ചേർന്നതാണ് പരിരക്ഷണം (കൺസെർവേഷൻ)

3. പുനഃരാവിഷ്കാരം സാധിതമാവാത്ത വിഭവങ്ങളുടെ (അജൈവ വിഭവങ്ങൾ - കല്കരി, പെട്രോളിയം, ഖനിജ പദാർത്ഥങ്ങൾ എന്നിവ) ഉപയോഗം ഒതുക്കണം. അവയ്ക്ക് പകരമായി ഉപയോഗിക്കാവുന്ന കൃത്രിമവസ്തുക്കളുടെ ലഭ്യത ഉറപ്പിക്കുന്നതുവരെ ഈ പിശുക്ക് നിലനിർത്തണം. പുനഃചംക്രമണം, ഉപയോഗത്തിന്റെ വിചക്ഷണത പരമാവധി വർദ്ധിപ്പിക്കൽ എന്നിവയൊക്കെ ആകാം.

4. പ്രയോജനങ്ങളുടെ വിതരണം സമത്വാധിഷ്ഠിതമാവണം. എന്നുവച്ചാൽ എല്ലാ ഗുണഭോക്താക്കൾക്കും സമമായി പ്രയോജനം ലഭിക്കുമാറാവണം എന്നു വാദം. എങ്കിൽ വികസനം ശാശ്വതമാവും.

5. കൈവശമുള്ള വിഭവത്തിൽ നിന്ന് ഏറ്റവും കൂടുതൽ പ്രയോജനം കിട്ടുമാറുള്ള സാങ്കേതിവിദ്യ ഉപയോഗിക്കണം. ഊർജ്ജം പരമാവധി പ്രയോജനപ്പെടുത്താവുന്ന സംവിധാനങ്ങൾ ഉപയോഗിക്കണം. ഉദാഹരണമായി, പുകയില്ലാത്ത അടുപ്പ്. (ഊർജ്ജ ഉപയോഗത്തിന്റെ ദക്ഷത കൂടുതലാണിതിന്.) കത്തിക്കുന്ന വിറകിൽ നിന്നുള്ള ചൂട് പുറത്തേക്ക് നഷ്ടപ്പെടാതെ മുഴുവനായും പാത്രത്തിൽ പതിക്കുന്നു. ഒരേ തീയടുപ്പിൽ ഒന്നിലധികം പാത്രങ്ങൾ ഉപയോഗിച്ച് ഒരേ സമയത്ത് പാചകം ചെയ്യാം. കുഴലിലൂടെ പോകുന്ന പുകയുടെ ചൂട് ഉപയോഗപ്പെടുത്തി വേണമെങ്കിൽ വെള്ളം ചൂടാക്കുകയുമാവാം. ഉപഭോഗം കുറയ്ക്കുകയും, ഉച്ചിഷ്ടം കുറയ്ക്കുകയും, വീണ്ടും ഉപയോഗിക്കാവുന്ന സാധനങ്ങൾ ഉപയോഗിക്കണം. നിലനിൽപ്പില്ലാത്ത പ്രവർത്തനങ്ങൾ നിർത്തുക.

6. പ്രകൃതി സമ്പത്തിനെ നിലനിർത്താൻ ഉതകുന്ന സാമ്പത്തിക നയം ഉണ്ടാവണം. ഉൽപ്പാദകരും ഉപഭോക്താക്കളും അവരുടെ സാമ്പത്തിക തീരുമാനങ്ങളുടെ മുഴുവൻ 'വില'യും പേറാൻ തയ്യാറാകണം. മൂല്യനിർണ്ണയവും, സാമ്പത്തിക സഹായവും നടക്കുമ്പോൾ ഇതൊക്കെ വേണം.

7. തീരുമാനങ്ങൾ എടുക്കുമ്പോൾ എല്ലാ വശങ്ങളും പരിഗണിക്കുന്ന ശൈലി കൈക്കൊള്ളുക. ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണവും, ഗുണദോഷപഠന പരിപാടിയും ശീലിക്കുക.

8. ശാശ്വതീകരണ സമ്പ്രദായങ്ങൾക്ക് പ്രയോജനകരമാകുന്ന സാംസ്കാരികമൂല്യങ്ങൾക്ക് ഇടം നൽകണം. സദാചര വിദ്യാഭ്യാസം പോലെ തന്നെ പരിസ്ഥിതീയ വിദ്യാഭ്യാസവും നിർബന്ധമാക്കണം.

## ശാശ്വത വികസന ലക്ഷ്യം നേടാൻ വിദ്യാഭ്യാസത്തിന്റെ പങ്ക്:

മുപ്പത്തഞ്ചു കൊല്ലങ്ങൾക്കു മുമ്പാണെന്നു തോന്നുന്നു ഷൂമാക്കർ പറഞ്ഞു: "നീതിബോധവും പരിസ്ഥിതി സൗഹൃദവുമായ ഒരു സമൂഹത്തെ വാർത്തെടുക്കാൻ വിദ്യാഭ്യാസത്തെ പ്രയോജനപ്പെടുത്തണ" മെന്ന്. അതിനുശേഷമുള്ള ധാരാളം അന്തർദേശീയ റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ ഈ ദൃശ്യപങ്കിനെപ്പറ്റി ഈ ലേഖനത്തിൽ തന്നെ (ബ്രണ്ട്ലാന്റ് റിപ്പോർട്ടിനെപ്പറ്റി) പറഞ്ഞിട്ടുണ്ടല്ലോ. ആ റിപ്പോർട്ടിൽ ശാശ്വത വികസനം സാധിതമാക്കാൻ സഹായകമായ സാമൂഹ്യബോധം വളർത്താൻ അദ്ധ്യാപകർക്കുള്ള നിർണ്ണായക പങ്ക് അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. ഭൗമ ഉച്ചകോടിയിൽ അംഗീകരിക്കപ്പെട്ട അജണ്ട-21 ൽ (1992) പാരിസ്ഥിതിക ശാശ്വതീകരണത്തിന് വിദ്യാഭ്യാസം എങ്ങനെ ഉതകും എന്ന് അദ്ധ്യായം 36-ൽ വിശദീകരിച്ചിരിക്കുന്നു. തെക്കൻ ചേരിയും വടക്കൻ ചേരിയും ശാശ്വത വികസനത്തിന് വിദ്യാഭ്യാസത്തിന്റെ സുപ്രധാനമായ പങ്കിനെ അംഗീകരിക്കുകയുണ്ടായി. UNESCO-UNEP (1996) ൽ പാരിസ്ഥിതികവും വികസനപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നേടാൻ വിദ്യാഭ്യാസത്തിനേ കഴിയൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴിതാ, UNESCO 2005-2014, പത്തുവർഷം, ശാശ്വത വിദ്യാഭ്യാസ ദശകം (Decade for Education for Sustainable Development ) ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച മൂന്നാം അന്തർദേശീയ സമ്മേളനം ഇന്ത്യാ ഗവൺമെന്റാണ് ആതിഥേയത്വം വഹിച്ച്, 2007 നവംബറിൽ അഹമ്മദാബാദ് ൽ നടന്നു.

ശാശ്വത വികസനത്തിനായി വിദ്യാഭ്യാസം പ്രയോജനപ്പെടുത്താനുള്ള തന്ത്രത്തിൽ മൂന്ന് മുൻഗണനകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**ഒന്നാമത്തേത്:** അടിസ്ഥാന വിദ്യാഭ്യാസം മെച്ചപ്പെടുത്തുക. ഉയർന്ന നിരക്ഷരതയും ജോലി ചെയ്യാനുള്ള നൈപുണ്യക്കുറവും ഉള്ള ജനതയ്ക്ക് വികസനത്തെ സംബന്ധിച്ച് എന്തു താല്പര്യമാണുണ്ടാവുക? ഈ രാജ്യങ്ങൾ ഊർജ്ജവും നിർമ്മിത വസ്തുക്കളും അന്തർദേശീയ മാർക്കറ്റിൽ നിന്ന് ഇറക്കുമതി ചെയ്യും. ഇതിന് കാശു വേണ്ടേ? കാശുണ്ടാക്കാൻ പ്രകൃതി വിഭവങ്ങൾ വിൽക്കും. അല്ലെങ്കിൽ കുടുംബം പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന പാടങ്ങളിൽ നാണ്യവിളകൾ കൃഷി ചെയ്യും. ഇത്തരം അപകടങ്ങളിൽ നിന്നു രക്ഷപ്പെടാൻ വിദ്യാഭ്യാസം സിദ്ധിച്ച തൊഴിലാളി സമൂഹം വേണ്ടി വരും.

അടിസ്ഥാന വിദ്യാഭ്യാസം ഒരു രാജ്യത്തിന്റെ ശാശ്വത വികസനത്തിന്റെ ലക്ഷ്യം നേടാൻ അത്യാവശ്യഘടകമാണ്. വിദ്യാഭ്യാസം കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കും, സ്ത്രീകളുടെ നില ഉയർത്തും, ജനപ്പെരുപ്പം തടയും, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കും, പൊതുവെ ജീവിത നിലവാരം ഉയർത്തും.

**രണ്ടാമത്തേത്:** നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരിക്കുക. വിദ്യാഭ്യാസ നിലവാരം ഉയർന്നതു കൊണ്ടുമാത്രം ശാശ്വത വികസനം സാധിച്ചു കൊള്ളണമെന്നില്ല. ഉദാഹരണത്തിന് അമേരിക്കയിലെ എൺപതു ശതമാനത്തിലേറെ ജനങ്ങൾ പോസ്റ്റ്-സെക്കന്ററി വിദ്യഭ്യാസം നേടിയവരാണ്. എന്നിട്ടും അമേരിക്കയിൽ പ്രതിശീർഷ ഊർജ്ജ ഉപയോഗവും മാലിന്യനിർമാണവും ഏറ്റവും കൂടിയ തോതിലല്ലേ! ലോകത്തിൽ വച്ച് ഏറ്റവും കൂടുതൽ! അതുകൊണ്ട് കൂടുതൽ വിദ്യാഭ്യാസം കൊണ്ട് ശാശ്വത വികസനം നേടിക്കൊള്ളണമെന്നില്ല എന്നതിന് തെളിവാണിത്.

വിദ്യാഭ്യാസത്തെ നവീകരിക്കുക എന്നതു കൊണ്ടുദ്ദേശിക്കുന്നത് ശാശ്വത വികസന പ്രാപ്തിക്കുപകരിക്കുന്ന രീതിയിൽ മാറ്റങ്ങൾ വരുത്തുക എന്നതാണ്. വിദ്യാഭ്യാസ കരിക്കുലത്തിൽ ഈ വിഷയം ഉൾപ്പെടുത്തിയതു കൊണ്ടായില്ല. ശാശ്വതവൽക്കരണത്തിനു വേണ്ട പ്രാവീണ്യം, അതേപ്പറ്റിയുള്ള വീക്ഷണം, അതിന്റെ മൂല്യം അറിയാനുള്ള കഴിവ് എന്നിവ പഠിതാക്കളിൽ ഉണ്ടാകാനുതകുന്ന ഘടകങ്ങൾ വിദ്യാഭ്യാസത്തിലൂടെ ലഭിക്കും വിധം നവീകരിക്കുകയാണ് വേണ്ടത്. ശാശ്വത വികസനത്തിനായുള്ള വിദ്യാഭ്യാസം കൊണ്ട് പരിസ്ഥിതി, സാമ്പത്തികം, സമൂഹം എന്നിവയെ സമന്വയിപ്പിക്കാനുള്ള ഒരു കാഴ്ചപ്പാട് സൃഷ്ടിക്കാൻ കഴിയണം. ശാശ്വതമായ ജീവിതശൈലി സ്വീകരിക്കാനും, ജനാധിപത്യ സംവിധാനങ്ങളിൽ പങ്കാളികളാവാനും എന്നെന്നും നിലനിൽപ്പുള്ള ജീവിതമുറകൾ സ്വായത്തമാക്കാനും വിദ്യാഭ്യാസം കൊണ്ടു സാധിക്കണം.

**മൂന്നാമത്തേത്:** പൊതുധാരണ, ബോധവൽക്കരണം, പരിശീലനം.

ലോകത്തിനും വേണ്ടത് സാക്ഷരരായ, പാരിസ്ഥിതിക ബോധമുള്ള പൗരന്മാരെയാണ്. രാജ്യത്തിന്റെ ശാശ്വത വികസന സംരംഭങ്ങൾ നടപ്പാക്കാൻ സഹായിക്കുന്ന തൊഴിലാളികൾ വേണം. കച്ചവടമായാലും വാണിജ്യമായാലും, സർവ്വകലാശാലകളായാലും, സർക്കാരുകളായാലും സന്നദ്ധ സംഘടനകളായാലും, സാമൂഹ്യ സംഘടനകളായാലും അവയിലെ നേതാക്കന്മാരെ പാരിസ്ഥിതി പരിപാലനത്തിൽ പരിശീലിപ്പിക്കണം; തൊഴിലാളി വർഗ്ഗത്തെ പ്രത്യേകിച്ചും.

സാമ്പത്തിക വിദ്യാഭ്യാസം, പരിസ്ഥിതി വിദ്യാഭ്യാസം, സാമൂഹ്യ വിദ്യാഭ്യാസ ഉപക്രമം (ഉദാ: മനുഷ്യാവകാശം, വർഗ്ഗീയക്കെതിരായ പ്രവർത്തനം, സമാധാനം, ലിംഗവിവേചനത്തിനെതിരായ പ്രവർത്തനം) എന്നിവയെ സമന്വയിപ്പിച്ചു കൊണ്ടുള്ള രീതി കൈകൊള്ളേണ്ടത് അഭികാമ്യമാണ്. പരമ്പരാഗത രീതികളിൽ നിന്ന് മുന്നോട്ടു പോകാൻ നേതാക്കന്മാരും വ്യക്തികളും ശാശ്വത വികസത്തിനായുള്ള വിദ്യാഭ്യാസത്തെ ബഹുമുഖ ശിക്ഷണ നടപടിയായി കാണണം. ഒറ്റയ്ക്കൊരു ശിക്ഷണ രീതിക്കോ, ഒരു സംഘം ആളുകൾക്കോ മാത്രം നടപ്പാക്കാൻ പറ്റുന്ന ഒന്നല്ല ശാശ്വത വികസനത്തിനായുള്ള വിദ്യാഭ്യാസം എന്ന തിരിച്ചറിവുണ്ടാവണം. ഇന്ന് നിലവിലുള്ള വിദ്യാഭ്യാസ വിഷയങ്ങളുടെ ഉള്ളടക്കത്തിൽ തന്നെ ഇതിനുതകുന്ന ഘടകങ്ങൾ ഉണ്ട്. അവയെ തിരിച്ചറിയണം, ഉപയോഗപ്പെടുത്തണം.

വിദ്യാഭ്യാസത്തെ ഈ ഒരാവശ്യത്തെ കൂടി മുന്നിൽ കണ്ടുകൊണ്ട് പരിഷ്കരിക്കാനുള്ള ശ്രമം കേരളത്തിൽ നടേണ്ടിയിരിക്കുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ പൊതുവായുള്ളതും UNESCO - വിന്റെ പ്രത്യേതമായും ഉള്ള ആഹ്വാനം ഈ തെക്കൻ ചേരി രാജ്യത്തിന്റെ തെക്കേ അറ്റത്ത് എന്ന് ചെവിക്കൊള്ളുമോ ആവോ ! വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഈ വേളയിൽ ഇതൊരു ഓർമ്മക്കുറിപ്പായി വിദ്യാഭ്യാസ വിചക്ഷണർ കരുതുമോ ആവോ !